പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 651

3/4/2018 ൽ മറുപടിക്ക്

## കന്നുകാലികളിലെ പകർച്ചവ്യാധികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. **പി.കെ.ബഷീർ**<br>ശ്രീ.**അബ്ദുൽ ഹമീദ് പി.**<br>ശ്രീ.**മഞ്ഞളാംകുഴി അലി**<br>ശ്രീ. **എം.ഉമ്മർ** : | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി). |

| | | | |
|---|---|---|---|
| എ) | കന്നുകാലികളെ പകർച്ചവ്യാധികളിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | എ) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജന്തുരോഗ നിയന്ത്രണത്തിനായി രൂപവൽക്കരിച്ചിട്ടുള്ള സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രകാരം കുളമ്പുരോഗം, ബ്രൂസെല്ലോസിസ്, അടപ്പൻ (ആന്ത്രാക്സ്) കരലടപ്പൻ, കരിങ്കോറു മുതലായ രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവെയ്പ് കൃത്യമായ കാലയളവിൽ നടത്തിവരുന്നു. |
| ബി) | പകർച്ചവ്യാധികളെക്കുറിച്ച് കന്നുകാലി കർഷകർക്ക് ബോധവൽക്കരണം നൽകാറുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ; | ബി) | ഉണ്ട്.സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രകാരം പദ്ധതി നിർവ്വഹണ കാലയളവിലും അല്ലാതെയും കർഷക ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും വിവിധ രോഗങ്ങളെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ലഘുലേഖകൾ വിതരണം ചെയ്യുകയും ഇതോടൊപ്പം ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ മുഖേന ബോധവൽക്കരണവും നടത്താറുണ്ട്. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പകർച്ച വ്യാധികൾ മൂലം കന്നുകാലിനാശം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | സി) | വ്യാപകമായ രീതിയിലുള്ള പകർച്ചാവ്യാധികൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. അങ്ങിങ്ങായി ഒറ്റപ്പെട്ട രോഗബാധകൾ ഉണ്ടായിട്ടുണ്ടെങ്കിലും സമയോചിതമായ രോഗനിയന്ത്രണ നടപടികളിലൂടെ രോഗത്തെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**